പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 153 | 18-06-2012 -ൽ മറുപടിക്ക്.

## സാഫല്യം പദ്ധതി

**ചോദ്യം**

ശ്രീ. ഐ.സി. ബാലകൃഷ്ണൻ:
ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. കെ. അച്ചുതൻ:
ശ്രീ. എം.പി. വിൻസെന്റ്:

(എ) സാഫല്യം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

(എ) കേരളത്തിലെ ദുർബലവിഭാഗങ്ങളിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-രഹിത പാർപ്പിടരഹിതരായവർക്ക് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേന ഫ്ലാറ്റുകളും വീടുകളും നിർമ്മിച്ചുനൽകുക എന്നതാണ് ഈ ഭവന പദ്ധതിയുടെ ഉദ്ദേശ്യം. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് സർക്കാർ ലഭ്യമാക്കിയിരുന്ന ഭൂമികളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്തും ഇതിനായി ഭവനനിർമ്മാണ ബോർഡ് ഏറ്റെടുത്തിട്ടുള്ള സ്ഥലത്തും ആയിട്ടാണ് ഈ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഭൂമി വിട്ടുതരാൻ തയ്യാറുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കൂടുതൽ സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാനും, സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ പൊതുജനങ്ങളേയും ഗുണഭോക്താക്കളേയും പഞ്ചായത്തിനേയും സഹകരിപ്പിച്ചുകൊണ്ട് പബ്ലിക്-പ്രൈവറ്റ്-പഞ്ചായത്ത്-പാർട്ണർഷിപ്പ് (PPPP) മാതൃകയിൽ ഈ പദ്ധതി നടപ്പിലാക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പാവപ്പെട്ടവർക്ക് വീടു വച്ചു നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) | പാവപ്പെട്ടവർക്ക് വീട് വച്ചു നൽകുന്നതിന് ഓരോ ഫ്ലാറ്റിനും 2.5 ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 195 ച.അടി വിസ്തീർണ്ണത്തിൽ ഫ്ലാറ്റുകളുടെ സമുച്ചയം പണിയുന്നതിനാണ് സാഫല്യം പദ്ധതി ഉദ്ദേശിക്കുന്നത്. ഇതിൽ 1 ലക്ഷം രൂപ കേരള സർക്കാർ വക സബ്സിഡിയായും 1ലക്ഷം രൂപ ഹഡ്കോയുടെ വായ്പയായും 25,000 രൂപ ഗുണഭോക്തൃ വിഹിതമായും 25,000 രൂപ സന്നദ്ധസംഘടനാ വിഹിതമായും സംഭരിക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ ഭൂവികസനച്ചെലവുകളും അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ഊർജ്ജവിതരണം, കുടിവെള്ള വിതരണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവയും പദ്ധതി നടപ്പിലാക്കുന്ന അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം നിർവ്വഹിക്കാനാണ് വിഭാവനം ചെയ്യുന്നത്. |
| (സി) | സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ഈ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം? | (സി) | കേരളത്തിലെ 8 ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിലായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രദേശങ്ങളിലെ ഒഴിവുള്ള ഭൂമികളിൽ 1008 ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയ്ക്ക് ആദ്യഘട്ടത്തിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>1. കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ ചാത്തന്നൂരിൽ മീനാട് വില്ലേജിൽ 48 ഫ്ലാറ്റുകൾ.<br>2. ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ (ചെട്ടികുളങ്ങരയിൽ) കണ്ണമംഗലം വില്ലേജിൽ 168 ഫ്ലാറ്റുകൾ.<br>3. ഇടുക്കി ജില്ലയിൽ ഉടുമ്പഞ്ചോല താലൂക്കിൽ കട്ടപ്പന-വള്ളക്കടവ് വില്ലേജിൽ 72 ഫ്ലാറ്റുകൾ.<br>4. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ പൂവരണി വില്ലേജിൽ 72 ഫ്ലാറ്റുകൾ.<br>5. കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ അകലക്കുന്നം വില്ലേജിൽ 240 ഫ്ലാറ്റുകൾ. |

6. കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി സൗത്ത് വില്ലേജിൽ 96 ഫ്ലാറ്റുകൾ.

7. തൃശ്ശൂർ ജില്ലയിൽ പുതുക്കാട്ട് 72 ഫ്ലാറ്റുകൾ.

8. പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ എലപ്പുള്ളി പഞ്ചായത്തിൽ 96 ഫ്ലാറ്റുകൾ.

9. മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ തിരുവാലി വില്ലേജിൽ 72 ഫ്ലാറ്റുകൾ.

10. കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ ചേളന്നൂർ വില്ലേജിൽ 72 ഫ്ലാറ്റുകൾ.

സെക്ഷൻ ഓഫീസർ.